# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/108/2018 2018 മെയ് 22

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ തീയതി**

മെയ് 25ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് (സി.എസ്.എസ്., 2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) - അനലിറ്റിക് നമ്പർ തിയറി എന്ന പേപ്പറിന്റെ പരീക്ഷ ജൂൺ 20ന് നടത്താൻ പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**പരീക്ഷാ തീയതി**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷൻ നടത്തുന്ന മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം (2016 അഡ്മിഷൻ - സി.ബി.സി.എസ്.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം ജൂൺ 5, ജൂൺ 27 തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പി.എച്ച്.ഡി. പ്രവേശന പരീക്ഷ**

പി.എച്ച്.ഡി. പ്രവേശനത്തിനുള്ള അഭിരുചി പരീക്ഷയ്ക്ക് ഇന്ന് (മെയ് 23) അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷിച്ചവർ അപേക്ഷയുടെ പകർപ്പ് മെയ് 25ന് ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് മുമ്പായി സർവ്വകാശാലയിലെ പി.എച്ച്.ഡി. സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ www.phd.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 4 വരെ അപേക്ഷിക്കാം.

2017 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് സപ്ലിമെന്ററി (2015 അഡ്മിഷൻ & 2015ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 4 വരെ അപേക്ഷിക്കാം.

2017 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 3 വരെ അപേക്ഷിക്കാം.

**ജൈവം പെയിന്റിംഗ് എക്സിബിഷൻ വ്യാഴാഴ്ച (മെയ് 24) മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ആഗോള ജൈവ സംഗമത്തോടനുബന്ധിച്ച് നടത്തിയ 'ജൈവം' ചിത്രകലാ ക്യാമ്പിൽ ചെയ്ത പെയിന്റിംഗുകളുടെ പ്രദർശനം മെയ് 24 മുതൽ 28 വരെയുള്ള അഞ്ചു ദിവസങ്ങളിലായി കോട്ടയം പബ്ലിക് ലൈബ്രറി ആർട്ട് ഗാലറിയിൽ നടക്കും. മെയ് 24ന് വൈകീട്ട് 4 മണിക്ക് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രദർശനം ഉദ്ഘാടനം ചെയ്യും. മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറും 'ജൈവം' പ്രോജക്ട് കൺവീനറുമായ എം.ആർ.ഉണ്ണി, സിൻഡിക്കേറ്റംഗം പി.കെ. ഹരികുമാർ, സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ ഡോ. റോയി സാം ഡാനിയേൽ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. കാരയ്ക്കാമണ്ഡപം വിജയകുമാർ (തിരുവനന്തപുരം), ഡോഡ്സി ആന്റണി (തിരുവനന്തപുരം),

ജി. ഉണ്ണികൃഷ്ണൻ (മാവേലിക്കര), ഷിജോ ജേക്കബ് (ചങ്ങനാശ്ശേരി), ടി.ആർ. ഉദയകുമാർ (കോട്ടയം), എം.ടി. ജയലാൽ (കോട്ടയം), ടി.എസ്. പ്രസാദ് (കോട്ടയം), ബിജു.സി. ഭരതൻ (കോട്ടയം), വി.എസ്. മധു (കോട്ടയം), പി.എം. യേശുദാസ് (കോട്ടയം), അമീൻ ഖലീൽ (ആലപ്പുഴ), നന്ദൻ പി.വി. (എറണാകുളം), സജിത്ത് പുതുക്കലവട്ടം (എറണാകുളം), സുരേന്ദ്രൻ (എറണാകുളം), ദിനേശ് പി.ജി. (തൃശ്ശൂർ), ബൈജു ദേവ് (പാലക്കാട്), അശോക് കുമാർ ഗോപാലൻ (മലപ്പുറം) ഷാജി കേശവ് (മലപ്പുറം), ജഗേഷ് എടക്കാട് (കണ്ണൂർ), ബബിത കടന്നപ്പള്ളി (കണ്ണൂർ) തുടങ്ങി കേന്ദ്ര സംസ്ഥാന അവാർഡുകൾ നേടിയവരുൾപ്പെടെ 40 ചിത്രകാരന്മാരാണ് ഈ പ്രദർശനത്തിലുള്ളത്. മെയ് 28ന് പ്രദർശനം സമാപിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**